**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4670** **13-03-2023 - ൽ മറുപടിയ്ക്ക്**

**വനവിസ്തൃതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വനംവകുപ്പിന്റെ ഭരണ റിപ്പോർട്ട് പ്രകാരം 2017, 2021, 2022 എന്നീ വർഷങ്ങളിലെ വനവിസ്തൃതി എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | വനം വകുപ്പിന്റെ ഭരണ റിപ്പോർട്ട് പ്രകാരം 2016-17 മുതൽ 2020-21 വരെയുള്ള സംസ്ഥാനത്തിന്റെ ആകെ വനവിസ്തൃതിയുടെ വിശദാംശങ്ങൾ ചുവടെചേർക്കുന്നു. 2021-22 വർഷത്തെ ഭരണ റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |
| (ബി) | കഴിഞ്ഞ അഞ്ച് വർഷക്കാലയളവിനിടയിൽ കാട്ടുതീ മൂലം എത്ര ഹെക്ടർ വനം കത്തി നശിച്ചതായി കണക്കാക്കിയിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) | കഴിഞ്ഞ അഞ്ച് വർഷക്കാലയളവിനിടയിൽ 4541.58 ഹെക്ടർ വനഭൂമിയിൽ കാട്ടുതീ ബാധിച്ചതായി ഇക്കോ ഡവലപ്മെന്റ് & ട്രൈബൽ വെൽഫെയർ, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | കഴിഞ്ഞ അഞ്ച് വർഷക്കാലയളവിനുള്ളിൽ എത്ര ഹെക്ടർ വനഭൂമിയിൽ കയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (സി) | കഴിഞ്ഞ അഞ്ച് വർഷക്കാലയളവിനുള്ളിൽ വനഭൂമി കയ്യേറ്റം ഒഴിപ്പിച്ചതിന്റെ വിശദാംശങ്ങൾ വനം സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർ ലഭ്യമാക്കി യതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു. |

| വർഷം | വനവിസ്തൃതി((km2) |
|---|---|
| 2016-17 | 11524.411 |
| 2017-18 | 11521.812 |
| 2018-19 | 11520.058 |
| 2019-20 | 11521.993 |
| 2020-21 | 11524.913 |

| വനം സർക്കിൾ | കഴിഞ്ഞ അഞ്ച് വർഷക്കാലയളവിനുള്ളിൽ കയ്യേറ്റം ഒഴിപ്പിച്ച വനഭൂമിയുടെ വിസ്തൃതി (ഹെക്ടർ) |
|---|---|
| ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 160.0246 |
| സെൻട്രൽ സർക്കിൾ, | 0.1698 |

<table>
<tr><td></td><td></td><td></td><td><table>
<tr><td>തൃശ്ശൂർ</td><td></td></tr>
<tr><td>ഈസ്റ്റേൺ സർക്കിൾ, പാലക്കാട്</td><td>18.9859</td></tr>
<tr><td>നോർത്തേൺ സർക്കിൾ, കണ്ണൂർ</td><td>19.423</td></tr>
<tr><td>എ.ബി.പി. സർക്കിൾ, തിരുവനന്തപുരം</td><td>0.6273</td></tr>
<tr><td>ആകെ</td><td>199.23 ഹെക്ടർ</td></tr>
</table></td></tr>
<tr><td>(ഡി)</td><td>വനം കയ്യേറ്റവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ നിലവിൽ തീർപ്പ് കൽപ്പിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?</td><td>(ഡി)</td><td>വനം കയ്യേറ്റവുമായി ബന്ധപ്പെട്ട് നിലവിൽ തീർപ്പ് കൽപ്പിക്കാത്തതായ ആകെ 158 കേസ്സുകളുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.</td></tr>
</table>

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

വനം കയ്യേറ്റവുമായി ബന്ധപ്പെട്ട് നിലവിൽ തീർപ്പ് കൽപ്പിക്കാത്തതായ ആകെ **158** കേസ്സുകൾ ഉണ്ടെന്ന് ചുവടെ പറയും പ്രകാരം വിവിധ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

| വനം സർക്കിൾ | വനം കൈയ്യേറ്റവുമായി ബന്ധപ്പെട്ട് തീർപ്പ് കൽപിക്കാനുള്ള കേസ്സുകളുടെ എണ്ണം |
|---|---|
| സതേൺ സർക്കിൾ, കൊല്ലം | **13** |
| ഹൈറേഞ്ച് സർക്കിൾ, കോട്ടയം | **42** |
| സെൻട്രൽ സർക്കിൾ, തൃശ്ശൂർ | **10** |
| ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | **17** |
| നോർത്തേൺ സർക്കിൾ, കണ്ണൂർ | **73** |
| എ.ബി.പി. സർക്കിൾ, തിരുവനന്തപുരം | **0** |
| ഫീൽഡ് ഡയറക്ടർ, കോട്ടയം | **1** |
| വൈൽഡ് ലൈഫ് സർക്കിൾ, പാലക്കാട്. | **2** |

വനം കൈയ്യേറ്റവുമായി ബന്ധപ്പെട്ട് വൈൽഡ് ലൈഫ് സർക്കിൾ, പാലക്കാടിന്റെ പരധിയിൽ, വയനാട് വൈൽഡ് ലൈഫ് ഡിവിഷനിൽ **WP(C) 22113/16, WP(C) 3023/2020** എന്നീ കേസുകൾ നിലനിൽക്കുന്നുണ്ട്. സുൽത്താൻ ബത്തേരി റെയിഞ്ചിലെ പൊൻകുഴി സെക്ഷൻ പരിധിയിൽ ആലത്തൂർ റിസർവ്വിൽപ്പെട്ട ലീസ് നം. **51** ൽപ്പെടുന്ന സ്ഥലത്ത് **0.2428** ഹെക്ടർ വനഭൂമിയിൽ പോക്കർ **s/o** സെയ്തലവി, കാരക്കുളം, കല്ലൂർ, പണപ്പാടി എന്നയാൾ അനധികൃതമായ പ്രവേശിച്ച് കോൺക്രീറ്റ് കെട്ടിടം നിർമ്മിച്ച

കുറ്റത്തിന് **WP(C) 22113/16** നമ്പർ കേസ് തീർപ്പ് കൽപിക്കാനുണ്ട്. കൂടാതെ തോൽപ്പെട്ടി റെയിഞ്ചിൽ ബാവലി സെക്ഷൻ പരിധിയിൽ അമ്മാനി വനഭാഗത്ത് സി.ആർ. ശശി, ചെട്ടിയാർ മഠത്തിൽ എന്നയാൾ അനധികൃതമായി പ്രവേശിച്ച് **0.40** ഹെക്ടർ വനഭൂമി കൈയ്യേറി കൈവശം വച്ച് വീട് വച്ച് താമസിച്ചതായ കുറ്റത്തിന് **WP(C) 3023/2020** നമ്പർ കേസും തീർപ്പ് കൽപ്പിക്കാനുണ്ട്.

വൈൽഡ് ലൈഫ് സർക്കിൾ, കോട്ടയത്തിന് കീഴിലെ പെരിയാർ ഈസ്റ്റ് ഡിവിഷനിൽ വനം കൈയ്യേറ്റവുമായി ബന്ധപ്പെട്ട് ഒരു കേസ് നിലവിൽ തീർപ്പ് കൽപ്പിക്കാനുണ്ട്. ടി ഡിവിഷനിൽ വള്ളക്കടവ് റെയിഞ്ചിലെ തൊണ്ടിയാർ സെക്ഷനിലെ **9.90** ഏക്കർ കൈയ്യേറ്റ വനഭൂമി **2018** വർഷത്തിൽ സർവ്വേ നടപടികൾ നടത്തി ടി കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനെതിരെ കയ്യേറ്റക്കാർ ഒ.എസ്. **189/2018** നമ്പരായി പീരുമേട് മുൻസിഫ് കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതും തുടർന്ന് ഒ.എസ്. **189/2018** കേസ്സിൽ ഹർജിക്കാർ ഫയൽ ചെയ്ത ഐ.എ. **727/2018** നമ്പർ കേസിന് **21.12.2018** ൽ ഇൻജംഗ്ഷൻ ഓർഡർ അനുവദിച്ചിട്ടുള്ളതും സ്റ്റാറ്റസ് കോ മെയിൻറെയിൽ ചെയ്യുന്നതിന് ഉത്തരവായിട്ടുള്ളതുമാണ്. ടി വിധിക്കെതിരെ ബഹു. കട്ടപ്പന സബ് കോടതിയിൽ വള്ളക്കടവ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ സി.എം.എ **01/2019** നമ്പർ കേസ് ഫയൽ ചെയ്തിട്ടുള്ളതും ആയതിൻറെ അടിസ്ഥാനത്തിൽ അഡ്വക്കേറ്റ് കമ്മീഷനെ നിയോഗിച്ച് **3** മാസത്തിനുള്ളിൽ ടി കേസ്സിൽ തീർപ്പ് കൽപ്പിക്കുന്നതിന് പീരുമേട് മുൻസിഫ് കോടതിയോട് നിർദ്ദേശിച്ചിട്ടുള്ളതുമാണ്. ടി കേസ്സിൽ അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ലാത്തതിനാൽ പീരുമേട് മുൻസിഫ് കോടതിയിൽ പെൻറിംഗിലാണ്.

മറ്റ് വനം സർക്കിളുകളുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കേസുകളെല്ലാം വനഭൂമി കൈയ്യേറിയതും, പാട്ടത്തിന് കൊടുത്ത ഭൂമികളിൽ കൈയ്യേറ്റമുള്ള വിഷയങ്ങൾ സംബന്ധിച്ചും വനം വകുപ്പ് ചാർജ്ജ് ചെയ്തിട്ടുള്ളതും, വിവിധ കോടതികളിലും, ലോകായുക്തയിലും മറ്റുമായി തീർപ്പ് കൽപ്പിക്കുന്നതിനുമായി നിലനിൽക്കുന്നതുമാണ്.